## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : T*348

16-12-2014-ൽ മറുപടിക്ക്

### പ്രകൃതി വാതക പൈപ്പ്ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ദിവാകരൻ<br>ശ്രീ. പി.തിലോത്തമൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. ജി.എസ്.ജയലാൽ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി ഉപേക്ഷിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി ഉപേക്ഷിക്കുവാനുള്ള യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. |
| (ബി) പ്രസ്തുത പൈപ്പ് ലൈനിനു വേണ്ടി ഇതുവരെ ഏതെങ്കിലും ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുപ്പുപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) പൈപ്പ്ലൈൻ സ്ഥാപിക്കേണ്ട ഭൂമിയുടെ ഉപയോഗാവകാശത്തിനായി ഭാരത സർക്കാരിന്റെ P & MP Act - ലെ സെക്ഷൻ 3(1), 6(1) എന്നിവ പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിക്കു വേണ്ടിയുള്ള പൈപ്പുകളും മറ്റു സാമഗ്രികളും എത്തിച്ചേർന്നിട്ടുണ്ട്. ഗെയിൽ ഉദ്യോഗസ്ഥന്മാരേയും Project Management Consultant (PMC) നേയും നിയോഗിച്ചിട്ടുണ്ട്. SV/IP (Sectionalizing Valve Station/Intermediate Pigging Station) സ്റ്റേഷനുകൾക്കുള്ള സ്ഥലമേറ്റെടുപ്പ് സംസ്ഥാന സർക്കാരിന്റെ മേൽനോട്ട |

ത്തിൽ പുരോഗമിക്കുകയാണ്. പൈപ്പ് ലൈൻ കടന്നു പോകുന്ന സ്ഥലങ്ങളിൽ സ്ഥലമെടുപ്പിനെതിരെ പ്രാദേശികമായ എതിർപ്പുകൾ നിലനിൽക്കുന്നുണ്ട്. ആയതിനാൽ പദ്ധതിയ്ക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്.

(സി) ഗെയിൽ (ഇന്ത്യ) കേരളത്തിലെ പ്രസ്തുത പദ്ധതി ഉപേക്ഷിക്കുന്നതായി സൂചന നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതി പൂർത്തിയാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

(സി) ഗ്യാസ് പൈപ്പ് ലൈൻ വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള ഭൂമിയിൽ ഗെയിലിന് തടസ്സമില്ലാതെ ഉപയോഗാവകാശം ലഭ്യമാക്കാത്ത പക്ഷം പദ്ധതിയുടെ തുടർനത്തിപ്പ് സംബന്ധിച്ച് പുനർവിചിന്തനം നടത്തേണ്ടി വരുമെന്ന ആശങ്ക ഗെയിൽ സർക്കാരുമായി പങ്കുവെച്ചിട്ടുണ്ട്. എന്നാൽ എൽ.എൻ.ജി. പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമായിത്തീരുവാൻ സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

പെട്രോനെറ്റ് എൽ.എൻ.ജിയുടെ പുതുവൈപ്പിലെ സംഭരണ ശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് കൊച്ചിയിൽ നിന്നും മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കും നടപ്പാക്കേണ്ട പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലത്തിന്റെ വിനിയോഗാവകാശം (RoU) മാത്രമേ

ഗെയിലിന് നൽകുന്നുള്ളൂ. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ആർക്കും ഭൂമി നഷ്ടപ്പെടുന്നില്ല.

കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻപദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട സ്ഥലം കേന്ദ്ര സർക്കാരിന്റെ പെട്രോളിയം ആന്റ് മിനറൽ പൈപ്പ്ലൈൻ ആക്ട് അനുസരിച്ച് ഉപയോഗ അവകാശം (RoU) എടുക്കുന്നതിനു വേണ്ടി ഡെപ്യൂട്ടി കളക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന സർക്കാർ ഗെയിൽ ഇന്ത്യക്കു വേണ്ടി നിയമിച്ചിട്ടുണ്ട്. ഇപ്രകാരം എടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാര മായി നിശ്ചയിച്ചിരുന്ന തുക ന്യായ വിലയുടെ 10 ശതമാനമായിരുന്നത് സംസ്ഥാനത്തെ സവിശേഷ സാഹചര്യം പരിഗണിച്ച് 30 ശതമാനമായും പിന്നീട് 50 ശതമാനമായും വർദ്ധിപ്പിച്ച് നൽകാൻ സർക്കാരിന്റെ സമ്മർദ്ദ ഫലമായി ഗെയിൽ തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. കേരളത്തിലെ ജനസാന്ദ്രത കണക്കിലെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള വീതി 20 മീറ്ററിൽ നിന്നും 10 മീറ്ററായി ചുരുക്കുകയും ചെയ്തു. പൈപ്പ്ലൈൻ സ്ഥാപിക്കു ന്നതിനുവേണ്ടി ഗെയിൽ ഇന്ത്യ കരാറു കാരെ നിയോഗിച്ചു. സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച പ്രതിസന്ധികൾ പരിഹരി ക്കുന്നതിന് അതാത് ജില്ലകളിലെ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടു

കയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പൈപ്പ്ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ കടുത്ത എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് കനോലി കനാലിലൂടെ മാറ്റി നിശ്ചയിക്കുന്ന വിഷയം പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാതല സമിതിയും, സംസ്ഥാന തലത്തിൽ ഉന്നതാധികാര സമിതിയും സർക്കാർ രൂപീകരിച്ചു. വിശദമായ പഠനങ്ങൾക്കൊടുവിൽ കനോലി കനാലിലൂടെയുള്ള പൈപ്പ്ലൈൻ നിർമ്മാണം സാങ്കേതികമായും സാമ്പത്തികമായും പ്രായോഗികമല്ല എന്നായിരുന്നു ഉന്നതാധികാര സമിതിയുടെ കണ്ടെത്തൽ.

പൈപ്പ്ലൈൻ പദ്ധതികൊണ്ട് ജനങ്ങൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനും പദ്ധതിയെക്കുറിച്ച് ജനങ്ങളുടെയിടയിൽ ഉടലെടുത്തിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും വേണ്ടി ഗെയിൽ, പെട്രോനെറ്റ് അധികൃതരുടെ സാന്നിദ്ധ്യത്തിൽ, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം 28/10/2014-ൽ ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങൾ ജനപ്രതിനിധികളുടെ ആശങ്ക ഒരു പരിധി വരെ ദൂരീകരിക്കുവാൻ ഉപകരിച്ചിട്ടുണ്ട്

എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. എൽ.എൻ.ജി. പൈപ്പ്‌ലൈൻ പദ്ധതി കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിനും, പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തിന് നഷ്ടപ്പെടാതിരിക്കുവാനും Petronet LNG - യുടെ മാനേജിംഗ് ഡയറക്ടറും ചെയർമാനും അതോടൊപ്പം കെ.എസ്.ഐ.ഡി.സി. ചെയർമാനും ചേർന്ന് ക്രിയാത്മകമായ ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി. അവ സർക്കാരിന്റെ പരിഗണനയിലാണ്.

കൂടാതെ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി 2014 ഡിസംബർ 3-ാം തീയതി ഡൽഹിയിൽ, ഗെയിൽ ഇന്ത്യ C.M.D. യെ കണ്ട് ചർച്ച നടത്തുകയുണ്ടായി. ഭൂമി ഏറ്റെടുക്കലിന്റെ പ്രശ്നങ്ങൾ കേരള സർക്കാർ പരിഹരിച്ചാൽ, എത്രയും വേഗം പദ്ധതിയുമായി മുന്നോട്ട് പോകാൻ തയ്യാറാണെന്ന് ചെയർമാൻ, പ്രിൻസിപ്പൽ സെക്രട്ടറിയെ അറിയിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ